ഭരണഭാഷ – മാതൃഭാഷ

സ്പോർട്സ് 2/14278/2026/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 22.10.2026
ഫോൺ: 0471– 2580 534,
supdts.dge@kerala.gov.in

പ്രേഷിതൻ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽഹയർ സെക്കണ്ടറി)

വിഷയം: കേരള സംസ്ഥാന സ്കൂൾ ഗെയിംസ് 2026 – ബാഡ്മിന്റൺ മത്സരങ്ങൾ – ഷട്ടിൽ കോക്കുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന:

കേരള സംസ്ഥാന സ്കൂൾ ഗെയിംസ് 2026 ബാഡ്മിന്റൺ മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കുമുള്ള പ്രധാന നിർദ്ദേശം താഴെ പറയും പ്രകാരം അറിയിക്കുന്നു.മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ജില്ലകളും മത്സരങ്ങൾക്ക് ആവശ്യമായ ഷട്ടിൽ കോക്കുകൾ മുൻ വർഷങ്ങളിലേത് പോലെ സ്വന്തം നിലയിൽ കൊണ്ടുവരേണ്ടതാണ്. മത്സരങ്ങൾക്ക് **Yonex AS–2** അല്ലെങ്കിൽ **Yonex TR** ഷട്ടിൽ കോക്കുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഈ നിർദ്ദേശം ടീം ചാമ്പ്യൻഷിപ്പ് മത്സരങ്ങൾക്കും വ്യക്തിഗത സെലക്ഷൻ (Individual Selection) മത്സരങ്ങൾക്കും ഒരുപോലെ ബാധകമായിരിക്കും.

അതിനാൽ, മത്സരങ്ങളുടെ സുഗമവും ക്രമീകൃതവുമായ നടത്തിപ്പിനായി എല്ലാ ജില്ലകളും തങ്ങൾക്ക് ആവശ്യമായ നിർദ്ദിഷ്ട ഷട്ടിൽ കോക്കുകൾ മുൻകൂട്ടി ക്രമീകരിച്ച് മത്സര സ്ഥലത്ത് എത്തിക്കുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കായിക അധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ജില്ലാ സ്പോർട്സ് കോ – ഓർഡിനേറ്റർമാർക്കും
4. എല്ലാ ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും

(വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)